**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2661** **02-08-2021 - ൽ മറുപടിയ്ക്ക്**

**2018-ലെ പ്രളയത്തിൽ തകർന്ന വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ, പൊയ്യതെക്കതിൽ, ശാന്തമ്മയുടെ വീട് 2018-ലെ പ്രളയത്തിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് . |
| (ബി) | പ്രസ്തുത കുടുംബത്തിന് അനുവദിച്ച തുക അക്കൗണ്ട് മാറി നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2018 ലെ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടം കണക്കാക്കി റീബിൽഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി. ശാന്തമ്മയ്ക്ക് ധനസഹായം നൽകിയിരുന്നു. ടി തുക ടിയാൾ കൈപ്പറ്റിയിട്ടുള്ളതുമാണ്. 2019-ലെ കാലവർഷത്തെ തുടർന്നും ശാന്തമ്മയ്ക്ക് അടിയന്തിര ധനസഹായമായി 10000/- രൂപ അനുവദിച്ചിരുന്നതാണ്. 2019-20 വർഷത്തിൽ ധനസഹായ വിതരണം നടത്തിയിരുന്നത് റീബിൽഡ് ആപ്പ് മുഖേനയാണ്. ഡാറ്റാ എൻട്രി പിശക് മൂലം ശാന്തമ്മയുടെ വിവരങ്ങൾക്ക് പകരം കൃഷ്ണൻകുട്ടി, കൃഷ്ണനിവാസ്, വെട്ടിയാർ എന്നിവർക്കാണ് ടി ധനസഹായം ലഭിച്ചത്. ടി കൃഷ്ണൻകുട്ടിയുടെ ഭാര്യയുടെ അക്കൗണ്ട് മുഖേന അടിയന്തിര ധനസഹായം ടിയാൾക്ക് ലഭ്യമായിട്ടുള്ളതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇരട്ടിപ്പായി ലഭിച്ച തുക തിരികെ അടയ്ക്കുവാൻ കൃഷ്ണൻകുട്ടിക്ക് മാവേലിക്കര തഹസീൽദാർ നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത കുടുംബത്തിന് പ്രളയ സഹായം (D210250664) ലഭിക്കുന്നതിനു വേണ്ടി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | പ്രളയ ധനസഹായം സംബന്ധിച്ച അപേക്ഷ ശ്രീമതി ശാന്ത സമർപ്പിച്ചിരിക്കുന്നത് CMDRF പോർട്ടലിലാണ്. ഇത് സംബന്ധിച്ച പരാതി സമർപ്പിക്കേണ്ടത് CMO യുടെ പോർട്ടലിലാണ് എന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട് . |
| (ഡി) | സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഡി) | 2019 ലെ പ്രളയത്തിൽ സോഫ്റ്റ് വെയറിൽ പേര് ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും അടിയന്തിര ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. വിവരങ്ങളിലെ അപാകതയും സാങ്കേതിക പിശകും കാരണം ധനസഹായം അനുവദിച്ചിട്ടും തുക |

| | | | |
|---|---|---|---|
| | | | ലഭിക്കാത്തവർ ഉണ്ടെങ്കിൽ അത്തരം പരാതികൾ പ്രത്യേകം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ